എടുക്കാതിരിക്കാൻ ഡിവൈ.എസ്.പി.പൃഥിരാജിനും (PW 38) കാരണം കാണിക്കൽ നോട്ടീസ് അയയ്ക്കാൻ ഉത്തരവായിട്ടുണ്ട്. കൂടാതെ ഇരുവർക്കുമെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിനും വിധിയിൽ പ്രതിപാദിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇതുസംബന്ധിച്ച് വിധിപ്പകർപ്പ് ലഭ്യമായാലുടൻ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സർക്കാർ ജീവനക്കാരെ കേസിൽ കുടുക്കൽ

248 (249) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർ വാദികളായി വരുന്ന കേസുകളിൽ അവർക്കെതിരെ എതിർകക്ഷി ക്രിമിനൽ കേസ് കൊടുത്ത് കേസ് അട്ടിമറിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം പരാതികൾ ഇന്റലിജൻസ് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) സർക്കാർ ജീവനക്കാർ കക്ഷികളായി വരുന്ന കേസുകളിൽ എതിർകക്ഷി ക്രിമിനൽ കേസ് കൊടുത്ത് കേസ് അട്ടിമറിക്കുന്നത് തടയുന്നതിന് നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇന്റലിജൻസ് റിപ്പോർട്ടുകൾ രഹസ്യസ്വഭാവമുള്ളതായതിനാൽ അത് സംബന്ധിച്ച വിവരങ്ങൾ നൽകാൻ നിർവ്വാഹമില്ല.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

പോലീസുകാരുടെ പീഡനം

249 (251) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസുകാരിൽനിന്നും സാധാരണ ജനങ്ങൾ പീഡനങ്ങൾക്കിരയാവുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്നുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ;

(ബി) നിരപരാധികളെ പോലീസ് സ്റ്റേഷനിൽ വിളിച്ചുവരുത്തി മൃഗീയമായി പീഡിപ്പിച്ചതായുള്ള സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ലീബ എന്ന യുവതിയായ വീട്ടമ്മയെ ചേരാനല്ലൂർ സ്റ്റേഷനിലെ വനിതാ പോലീസുകാർ അടക്കം ക്രൂരമായി മർദ്ദിച്ച് നട്ടെല്ല് തകർത്ത സംഭവത്തിൽ ഉത്തരവാദികളായവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ - സി) ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊച്ചി സിറ്റിയിലെ ചേരാനല്ലൂർ പോലീസ് സ്റ്റേഷൻ ക്രൈം 965/14 u/s 381 IPC കേസ്സിലെ പ്രതിയായ ലീബ രതീഷ് എന്ന സ്ത്രീയെ ചേരാനല്ലൂർ പോലീസ് കേസ്സിൽ കടുക്കി കസ്റ്റഡിയിൽ മർദ്ദിച്ചു എന്ന ആക്ഷേപത്തെത്തുടർന്ന് ചേരാനല്ലൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1086/14 u/s 342, 323, 324, 325, 294(b), 354 r/w 34 IPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതും, ടി കേസ്സ് 16-10-2014-ലെ ഡി.2/114015/14/പി.എച്ച്.ക്യൂ. എന്ന ഉത്തരവ് പ്രകാരം അന്വേഷണത്തിനായി ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുള്ളതുമാണ്. ആരോപണവിധേയരായ എസ്.ഐ. ശ്രീ. ഇ. എസ്. സാംസൺ, ഗ്രേഡ് അസി. സബ് ഇൻസ്പെക്ടറായ ശ്രീ. കര്യാക്കോസ്. (ഇ 7141), സിവിൽ പോലീസ് ഓഫീസറായ ശ്രീ ശ്രീജി (10159), വനിത സിവിൽ പോലീസ് ഓഫീസർമാരായ ശ്രീമതി സുനിത (10208), ശ്രീമതി സന്ധ്യാമോൾ (9370), ശ്രീമതി സിജു (9963), ശ്രീമതി രേഖ (11859) എന്നിവരെ സർവ്വീസിൽനിന്ന് അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുള്ളതും ടിയാളുകൾക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചുംവരുന്നു.

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

250 (252) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സ്റ്റുഡൻസ് പോലീസ് കേഡറ്റ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ;

(ബി) പ്രസ്തുത കേഡറ്റുകൾക്ക് കാര്യക്ഷമമായ പരിശീലനം ലഭ്യമാക്കുവാനും പ്രസ്തുത പദ്ധതി കൂടുതൽ സ്കൂളുകളിലേക്കും ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി എന്നീ മേഖലകളിലേക്കും വ്യാപിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly